**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1298** **30-08-2022 - ൽ മറുപടിയ്ക്ക്**

**സാഹസിക വിനോദസഞ്ചാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി . ഉബൈദുള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സാഹസിക ടൂറിസം ഇന്ന് ലോകത്ത് ഏറ്റവും വളർച്ചയുള്ള ടൂറിസം മേഖലയാണ്. കേരളത്തിലും സാഹസിക ടൂറിസം മേഖല വളർച്ചയുടെ പാതയിലാണ്. ജൈവ വൈവിദ്ധ്യവും പർവ്വതങ്ങളും, കുന്നുകളും, ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ്. ഈ സാധ്യതകളെ മനസ്സിലാക്കി കേരളത്തിലെ സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സർക്കാർ ടൂറിസം വകുപ്പിന്റെ കീഴിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.റ്റി.പി.എസ്) രൂപീകരിച്ചിട്ടുണ്ട്. സാഹസിക ടൂറിസം വളരുന്നതോടൊപ്പം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പ് വരുത്തുക എന്നതാണ് വിനോദ സഞ്ചാര വകുപ്പിന്റെ പ്രഥമ ലക്ഷ്യം. ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് ലൈസൻസ്" തയ്യാറായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടെന്റ് ക്യാമ്പിംഗിന് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഈ ലൈസൻസ് മാതൃകയാക്കി അവരുടെ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. |
| (ബി) | ദേശീയ, അന്തർദ്ദേശീയ നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ഇത്തരം ക്ലാസിഫിക്കേഷൻ വകുപ്പ് നടത്തിയിട്ടില്ല. എങ്കിലും വിനോദ സഞ്ചാരികൾ കൂടുതൽ എത്തുന്ന പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകൾ നിലവാരം ഉയർത്താൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകൾ എന്നിവരുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.<br><br>കൂടാതെ സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള ഒരു ബ്രെയിൻ സ്റ്റോമിങ് വർക്ക്ഷോപ്പ് ഒക്ടോബർ മാസത്തിന് മുൻപായി സംസ്ഥാനത്തു നടത്തുവാൻ ആലോചനയുണ്ട്. കുട്ടികളുടെ സുരക്ഷിതത്വത്തിനു വേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ